# നിറവ്

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26



### ഗവണ്മെന്റ് ഹൈസ്കൂൾ
### പെരിഞ്ചാൻകുട്ടി

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26



**G H S PERINCHANKUTTY**
**PERINCHANKUTTY PO**
**CHEMPAKAPPARA -685604**

# ഉള്ളടക്കം


| ക്രമനമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 3 |
| 2 | പൊതുകാഴ്ചപ്പാട് | 6 |
| 3 | അവസ്ഥാ വിശകലനവും മുൻഗണനകളും | 7 |
| 4 | ലക്ഷ്യങ്ങൾ | 9 |
| 5 | പ്രവർത്തന പദ്ധതി | 13-33 |
| 6 | ഉപസംഹാരം | 34 |

# ആമുഖം

ഓരോ പ്രദേശത്തെയും വിദ്യാലയങ്ങൾ പ്രാദേശിക സമൂഹവുമായി ഏറ്റവും ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ഇടങ്ങളാണ്. നാടിൻറെ പുരോഗതിക്ക് അടിത്തറ ഇട്ട സ്ഥാപനം എന്ന നിലയിൽ സമൂഹ മനസ്സിൽ വിദ്യാലയങ്ങളോടുള്ള സ്നേഹം എന്നും നിലനിൽക്കും. സമൂഹം വിദ്യാലയത്തെയും വിദ്യാലയം സമൂഹത്തെയും പരസ്പരം രൂപപ്പെടുത്തുന്ന ആരോഗ്യകരമായ ഒരു പാരമ്പര്യമാണ് നിലനിൽക്കുന്നത്. ഓരോ കാലത്തെയും സാമൂഹിക ആവശ്യങ്ങളാണ് വിദ്യാഭ്യാസത്തിൻറെ ഉള്ളടക്കവും രീതിയും തീരുമാനിക്കുന്നത്. വിദ്യാലയം വളർച്ചയിൽ സമൂഹത്തിന് സമൂഹ വളർച്ചയിൽ വിദ്യാലയത്തിനും ഏറിയ പങ്കുണ്ട്.

കേരളത്തിലെ പുതിയ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാഭ്യാസരംഗത്ത് നിരവധി മാറ്റങ്ങൾ പ്രകടം ആയിരിക്കുകയാണ്. സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസത്തെ സമഗ്രമായി കണ്ടുകൊണ്ട് വിദ്യാഭ്യാസ ഗുണം ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തന പദ്ധതികൾ നടപ്പിലാക്കി വരികയാണല്ലോ. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. അക്കാദമികവിന്റെ കാര്യത്തിൽ കുറേക്കൂടി മുന്നേറാൻ നമുക്ക് കഴിയണം. ഇതിൻറെ ഭാഗമായി 2025 26 അധ്യായന വർഷം സമഗ്ര ഗുണമേന്മ വർഷമായി പരിഗണിക്കുകയാണ് കുട്ടികളുടെ സമഗ്ര വികാസത്തിൽ ശാരീരിക ഭൗതിക വൈകാരിക, സാമൂഹിക ഘടക വികാസ മേഖലകളുടെ ശാസ്ത്രീയവും പ്രായത്തിനനു ഗുണവുമായ വളർച്ചയാണ് ലക്ഷ്യം വയ്ക്കുന്നത്. കേവലം വിവരങ്ങളുടെ ശേഖരണവും അറിവിന്റെ ഉത്പാദനവും മാത്രമായി വിദ്യാഭ്യാസത്തെ പരിമിതപ്പെടുത്താൻ കഴിയില്ല.

പാഠപുസ്തകങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ കുട്ടിയുടെ ചിന്താമണ്ഡലത്തിൽ വിവേകത്തിന്റെയും ചിന്തയുടെയും സ്ഫുരണങ്ങൾ സൃഷ്ടിക്കണം. പാഠപുസ്തകത്തിൽ നിന്ന് ലഭിക്കുന്ന അറിവിന് ഒപ്പം വിവേകവും വിവേചന ബുദ്ധിയും സഹജീവി സ്നേഹവും വിമർശനാത്മക ബുദ്ധിയും എല്ലാം കുട്ടികളിൽ വളർന്നു വരേണ്ടത് അത്യാവശ്യമാണ് മാനവികതയുടെയും സ്നേഹത്തിന്റെയും മതനിരപേക്ഷത ചിന്തയുടെയും ജനാധിപത്യ ബോധത്തിന്റെയും പ്രകാശത്തിലാണ് കുട്ടികൾ വളരേണ്ടത്. ഇത്തരം അനുഭവങ്ങൾ കുട്ടികൾക്ക് വിദ്യാലയങ്ങളിൽ നിന്ന് ലഭിക്കേണ്ടതുണ്ട് ഈ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് നമ്മൾ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

# വിദ്യാലയം -നാളിതുവരെ

കുടിയേറ്റ ഗ്രാമമായ പെരിഞ്ചാൻ കുട്ടിയിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത് ജനങ്ങളുടെ കൂട്ടായ്മയിൽ രൂപം കൊണ്ട ജനത സ്കൂൾ എന്ന അംഗീകാരം ഇല്ലാത്ത വിദ്യാലയം. 1981 സർക്കാർ ഏറ്റെടുത്തു ഇടുക്കി ജില്ലയിലെ വാത്തിക്കുടി പഞ്ചായത്തിൽ അഞ്ചാം വാർഡിലെ പെരുഞ്ചാൻകുട്ടി എന്ന ഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ചെമ്പകപ്പാറ പെരുഞ്ചാം കുട്ടി മേഖലയിലെ നൂറുകണക്കിന് കുടുംബങ്ങളിലെ കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ഈ വിദ്യാലയത്തെയാണ് ആശ്രയിക്കുന്നത് തൊട്ടടുത്ത ഹൈസ്കൂളിലേക്ക് ഈ വിദ്യാലയത്തിൽ നിന്നും 10 കിലോമീറ്റർ ദൂരമുണ്ട്.

സർക്കാർ യുപി സ്കൂൾ ആയി 1981 ൽ പ്രവർത്തനം ആരംഭിച്ച വിദ്യാലയം 2013-14 അധ്യായന വർഷത്തിൽ RMSA പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. എന്നാൽ ഹൈസ്കൂൾ ആയതിനുശേഷവും ആവശ്യമായ അധ്യാപക തസ്തികകളോ അടിസ്ഥാന സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല.യുപി സ്കൂളിലെ മൂന്ന് ക്ലാസുകൾ പ്രവർത്തിച്ചിരുന്ന ചെറിയ കെട്ടിടത്തിലാണ് 5 മുതൽ 10 വരെയുള്ള ക്ലാസുകൾ പ്രവർത്തിച്ചിരുന്നത്. 2013- 14 മുതൽ 2016- 17 വരെ ഹൈസ്കൂൾ ക്ലാസുകളിൽ പഠിപ്പിക്കാൻ അധ്യാപകർ ആരും തന്നെ ഉണ്ടായിരുന്നില്ല. 2016 ലെ എസ്എസ്എൽസി പരീക്ഷയിൽ എഴുതിയ മൂന്നു വിദ്യാർഥികളും വിജയിച്ചു. 2018 മുതൽ 2025 വരെ എല്ലാ വർഷങ്ങളിലും എസ്എസ്എൽസി പരീക്ഷയിൽ 100% വിജയം കൈവരിക്കുവാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

## കുട്ടികളുടെ എണ്ണം 2025-26

| ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|
| V | 5 | 8 | 13 |
| VI | 9 | 10 | 19 |
| VII | 11 | 18 | 29 |
| VIII | 11 | 10 | 21 |
| IX | 17 | 8 | 25 |
| X | 12 | 9 | 21 |
| TOTAL | 65 | 63 | 128 |

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമനമ്പർ | തസ്തിക | അനുവദിച്ചിട്ടുള്ള തസ്തിക | നിലവിലുള്ളത് |
|---|---|---|---|
| 1 | ഹെഡ്മാസ്റ്റർ | 1 | 1 |
| 2 | HST (Core subjects) | 3 | 3 |
| 3 | എച്ച് എസ് ടി മലയാളം | 1 | 1 |
| 4 | എച്ച് എസ് ടി ഹിന്ദി | 1 | 1 |
| 5 | UPSA | 3 | 3 |
| 6 | ജൂനിയർ സംസ്കൃതം അധ്യാപിക | 1 | 1 |
| 7 | ക്ലർക്ക് | 1 | 1 |
| 8 | OA | 2 | 2 |
| 9 | FTCM | 1 | 1 |

# പൊതുകാഴ്ചപ്പാട്

വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളും അക്കാദമിക സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളും വേണ്ടവിധത്തിൽ ഘടിപ്പിക്കപ്പെട്ടാൽ മാത്രമേ അത് ഉത്തമ വിദ്യാലയമായി മാറുകയുള്ളൂ ഇവയിൽ ഏറ്റവും നിർണായകമായത് അക്കാദമിക നിലവാരം തന്നെയാണ്.ഈ ഒരു പശ്ചാത്തലത്തിൽ നിന്നുകൊണ്ട് വേണം നമ്മുടെ സ്കൂളിൻറെ അക്കാദമിക നിലവാരവുമായി ബന്ധപ്പെട്ട പരിപാടികൾ നമ്മൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത്. ഭൗതിക സാഹചര്യങ്ങളെ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്ന രീതിയിൽ വേണം അക്കാദമിക മാസ്റ്റർ പ്ലാൻ രൂപകൽപ്പന ചെയ്യേണ്ടത്.

സ്കൂൾ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും അധ്യാപക പരിശീലന പരിപാടികളും വിദ്യാലയ ശാക്തീകരണ പ്രവർത്തനങ്ങളും എല്ലാം ആസൂത്രണം ചെയ്തിരിക്കുന്നത് ഈ ഒരു കാഴ്ചപ്പാടിൽ ഊന്നി നിന്നുകൊണ്ടാണ്. പിന്നാക്കം നിൽക്കുന്നവർ അഥവാ കൂടുതൽ കൈത്താങ്ങ് ആവശ്യമുള്ളവർ പരിമിത സഹായത്തിലൂടെ ലക്ഷ്യത്തിൽ എത്തിക്കാവുന്ന ശരാശരിക്കാർ ശരിയായ മാർഗം നിർദ്ദേശങ്ങളിലൂടെ അത്യുന്നതങ്ങളിലേക്ക് എത്തിക്കുവാൻ കഴിയുന്ന ഉന്നത നിലവാരക്കാർ ശാരീരിക മാനസിക വൈകാരിക വെല്ലുവിളികൾ നേരിടുന്നവർ എന്നീ വിവിധ വിഭാഗം കുട്ടികൾക്കായി കർമ്മ പദ്ധതികൾ തന്നെ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഭാഷ, ഗണിതം ,ശാസ്ത്രം, കല ,കായികം ,പ്രവർത്തിപരിചയം ,ഐടി എന്നിങ്ങനെയുള്ള വിവിധ മേഖലകളിൽ സ്കൂളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പ്രവർത്തനങ്ങൾ ഈ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി അവതരിപ്പിക്കുകയാണ്.

# അവസ്ഥാ വിശകലനം

അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂൾ ആക്കി ഉയർത്തപ്പെട്ട സ്കൂളിന് കെട്ടിട സൗകര്യങ്ങൾ വളരെ അത്യാവശ്യമായി വന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 90 ലക്ഷം രൂപ അനുവദിക്കുകയും 2020 ഫെബ്രുവരി ഒന്നാം തീയതി കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെടുകയും ചെയ്തു.ഇടുക്കി എംഎൽഎ ശ്രീ അഗസ്റ്റിന്റെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച 62.90 ലക്ഷം രൂപ വിനിയോഗിച്ച് പൂർത്തിയാക്കിയ കെട്ടിടം 2021 ഫെബ്രുവരി 19 ന് ഉദ്ഘാടനം ചെയ്യപ്പെട്ടു.അവസ്ഥാ വിശകലനം അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂൾ ആക്കി ഉയർത്തപ്പെട്ട സ്കൂളിന് കെട്ടിട സൗകര്യങ്ങൾ വളരെ അത്യാവശ്യമായി വന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 90 ലക്ഷം രൂപ അനുവദിക്കുകയും 2020 ഫെബ്രുവരി ഒന്നാം തീയതി കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെടുകയും ചെയ്തു.ഇടുക്കി എംഎൽഎ ശ്രീ അഗസ്റ്റിന്റെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച 62.90 ലക്ഷം രൂപ വിനിയോഗിച്ച് പൂർത്തിയാക്കിയ കെട്ടിടം 2021 ഫെബ്രുവരി 19 ന് ഉദ്ഘാടനം ചെയ്യപ്പെട്ടു.ജില്ലാ പഞ്ചായത്തിൽ നിന്ന് അനുവദിച്ച 10 ലക്ഷം രൂപ വിനിയോഗിച്ചു പൂർത്തിയാക്കിയ പാചകപ്പുരയുടെ ഉദ്ഘാടനം 2023 ഓഗസ്റ്റ് 25 ന് ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ ശ്രീമതി ഷൈനി സജി നിർവഹിച്ചു.ജില്ലാ പഞ്ചായത്തിൽ നിന്ന് അനുവദിച്ച 25 ലക്ഷം രൂപയുടെ ചുറ്റമതിൽ പദ്ധതി പൂർത്തീകരിച്ചു. സ്കൂളിന് ആവശ്യമായ ഫർണിച്ചറുകൾ ജില്ലാ പഞ്ചായത്ത് അനുവദിച്ച 20 ലക്ഷം രൂപ ഉപയോഗിച്ച് വാങ്ങാൻ സാധിച്ചു. നിലവിൽ ആവശ്യമായ ക്ലാസ് മുറികൾ ലാബുകൾ ലൈബ്രറി കൗൺസിലിങ് ടോയ്‌ലറ്റ് സൗകര്യങ്ങൾ എന്നിവ സജ്ജമാണ്. ക്ലാസ് മുറികളിൽ പ്രൊജക്ടറുകൾ വൈറ്റ് ബോർഡുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

# പരിമിതികൾ

- നിലവിൽ കുട്ടികളുടെ ആവശ്യത്തിനനുസരിച്ചുള്ള കമ്പ്യൂട്ടറുകൾ ലാബിൽ ഇല്ല .
- സ്കൂളിന് ചുറ്റുമതി**ലോ** മതിയായ കളി സ്ഥലമോ ഇല്ല.
- **എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പ്രോഗ്രാമുകൾ നടത്തുന്നതിന് ആവശ്യമായ ഓഡിറ്റോറിയം ഇല്ല**
- **ഭക്ഷണം കഴിക്കുന്നതിനു ആവശ്യമായ ഡൈനിങ്ങ് ഹാൾ ഇല്ല**
- **ആവശ്യത്തിനുള്ള സ്കൂൾ വാഹന സൗകര്യം ഇല്ല**

# ലക്ഷ്യങ്ങൾ

## പൊതു ലക്ഷ്യങ്ങൾ

**I)** ***അക്കാദമികലക്ഷ്യങ്ങൾ***

- പ്രദേശത്തിൻറെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റത്തക്ക വിധത്തിലുള്ള മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുക.
- ഈ സ്കൂളിൽ നിന്നും പഠിച്ചിറങ്ങുന്ന മുഴവൻ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി ആർജ്ജിക്കുക.
- ഗണിതത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കുകയും ശേഷികൾ ആർജിക്കുകയും ചെയ്യുക.
- എല്ലാ കുട്ടികളും പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നതിന് പര്യാപ്തമായ ജീവിത നൈപുണികൾ  കൈവരിക്കുക.
- USS, NMMS, NUMATS മുതലായ **മത്സരപരീക്ഷകളിൽ** വിജയിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വായന കളരികൾ നടത്തി ലൈബ്രറി ഉപയോഗം വർദ്ധിപ്പിക്കുക.
- പൊതുവിജ്ഞാനം നേടുന്നതിനായി എല്ലാ കുട്ടികൾക്കും പരിശീലനം നൽകി കുട്ടികളെ തൊഴിൽ നേടുന്നതിനുള്ള ലക്ഷ്യബോധമുള്ളവരാക്കി മാറ്റുക.

## II) *ഭൗതിക ലക്ഷ്യങ്ങൾ*

- **അടുത്ത ഒരു വർഷത്തിനുള്ളിൽ ഡൈനിങ് ഹാൾ നിർമ്മിക്കുക.**
- **മികച്ച അക്കാദമിക് നിലവാരവും ഭൗതിക സാഹചര്യങ്ങളും ഉറപ്പാക്കിക്കൊണ്ട് കൂടുതൽ കുട്ടികളെ വിദ്യാലയത്തിലേക്ക് ആകർഷിക്കുകയും ഒരു ക്ലാസ്സ് രണ്ട് ഡിവിഷൻ വീതമാക്കി ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ ആരംഭിക്കുക.**
- **അടുത്ത രണ്ടു വർഷത്തിനുള്ളിൽ സ്കൂളിന് ചുറ്റുമതിൽ നിർമ്മിക്കുക**
- **മതിയായ എണ്ണം കമ്പ്യൂട്ടറുകൾ ലാബ് ഉപകരണങ്ങൾ എന്നിവ സജ്ജീകരിക്കുക.**
- **ജില്ലാ പഞ്ചായത്തിൽ നിന്നും ഓഡിറ്റോറിയത്തിനായി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് അതൊരു വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കണം.**
- **ജില്ലാ ശുചിത്വമിഷൻ പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച 10 ലക്ഷം രൂപയുടെ ടോയ്‌ലറ്റ് ബ്ലോക്കിന്റെ പണികൾ നടന്നുകൊണ്ടിരിക്കുന്നു എത്രയും പെട്ടെന്ന് പണി പൂർത്തീകരിക്കണം.**
- **പ്രവേശന കവാടത്തിന്റെ പണി പൂർത്തീകരിക്കണം.**

## III) *സാമൂഹ്യ ലക്ഷ്യങ്ങൾ*

- **സമൂഹത്തിന്റെ പ്രതീക്ഷകൊത്ത് ഉയർന്നുകൊണ്ട് സമൂഹത്തിന്റെ സ്വത്ത് എന്ന നിലയിൽ വിദ്യാലയത്തെ മാറ്റിയെടുക്കുക.**

- **കുട്ടികൾക്കും സമൂഹത്തിനും ദിശാബോധം നൽകിക്കൊണ്ട് വെല്ലുവിളികൾ നേരിടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.**

- **സാമൂഹ്യപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് ഭൗതികവും അക്കാദമികവുമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.**

- **കാലാവസ്ഥ വ്യതിയാനങ്ങൾക്ക് അനുസരിച്ച് ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങളെ നേരിടുവാനും അവ വരാതെ തടയുവാനും പ്രതിരോധിക്കാനുള്ള ആവശ്യകാര്യങ്ങളിൽ കുട്ടികളെ ബോധവാന്മാരാക്കുകയും സമൂഹത്തെ സഹായിക്കുവാനും അവരെ പ്രാപ്തരാക്കുക.**

# അക്കാദമിക് മാസ്റ്റർപ്ലാൻ - UP

# സോഷ്യൽ സയൻസ്

| ക്രമ ന മ്പർ | ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|---|
| 1. | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് ഐസിടി സഹായത്താൽ പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപിക |
| 2 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവർ ആക്കി മാറ്റിയെടുക്കുക | ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | JUNE | സാമൂഹ്യശാസ്ത്ര അധ്യാപിക |
| 3 | നാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയങ്ങളിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപിക |
| 4 | പ്രകൃതി ദുരന്തങ്ങളെ പറ്റി മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതി താണ്ഡവം - നേർക്കാഴ്ച ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപിക |

| | | | | |
|---|---|---|---|---|
| | | മനസ്സിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | | |
| 5 | വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെപ്പറ്റിയും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയു ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപിക |
| 6 | സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | പുതു ചക്രവാളത്തിലേക്ക് - സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തിനേടാൻ വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം സൃഷ്ടിക്കുന്നതിന് സഹായിക്കുന്ന ചോദ്യോത്തര വേളകൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപിക |

# അക്കാദമിക് മാസ്റ്റർപ്ലാൻ - UP

# സയൻസ്

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|---|
| 1. | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | കുട്ടികൾ സ്വന്തമായി വീടുകൾ കൃഷി ചെയ്ത് ഉച്ചയൂണിനുള്ള പച്ചക്കറികൾ കൊണ്ടു വരുന്നു | ദീർഘകാലം | ശാസ്ത്ര അധ്യാപിക |
| 2 | ശാരീരികവും മാനസികവുമായ ഉല്ലാസം ലഭിക്കൽ | കുട്ടികൾക്ക് ZUMBA ഡാൻസ് പരിശീലനം ആഴ്ചയിൽ ഒരിക്കൽ നൽകുന്നു | ദീർഘകാലം | ശാസ്ത്ര അധ്യാപിക |
| 3 | ലഹരിയുടെ ഉപയോഗം തടയൽ | പ്രമുഖ വ്യക്തികളുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ നടത്തൽ നാടകം അവതരിപ്പിക്കൽ | ദീർഘകാലം | ശാസ്ത്ര അധ്യാപിക |
| 4 | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തൽ | ശലഭോദ്യാനം പച്ചക്കറി തോട്ടം തുടങ്ങിയവ നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപിക |

| | | | | |
|---|---|---|---|---|
| 5 | പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണ ചിന്ത വർദ്ധിപ്പിക്കൽ | എല്ലാ കുട്ടികൾക്കും എന്റെ ശാസ്ത്രകിറ്റ് ഒരുക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപിക |
| 6 | ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കൽ | വിദ്യാലയ വളപ്പിൽ തന്നെ ഉച്ചഭക്ഷണത്തിന് ആവശ്യമായ പച്ചക്കറികൾ കൃഷി ചെയ്ത് കൃഷിയോടുള്ള ഇഷ്ടം വളർത്തുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപിക |
| 7 | ഭക്ഷണവൈവിധ്യം തിരിച്ചറിയൽ | എല്ലാ ക്ലാസിലെയും കുട്ടികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഭക്ഷ്യമേള സംഘടിപ്പിക്കുന്നു. | ഒക്ടോബർ മാസം | ശാസ്ത്ര അധ്യാപിക |
| 8 | കണ്ടറിയാൻ ഒരു ശാസ്ത്രലോകം | ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപിക |

# അക്കാദമിക് മാസ്റ്റർപ്ലാൻ - UP
# ഗണിതം

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|---|
| 1 | അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കുന്നതിന് | ഗണിത ശിൽപ്പശാല: കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ (നമ്പർ കാർഡ്, മുത്തുകൾ ഉപയോഗിക്കുന്നു ) | ജൂൺ മാസം | ഗണിത അധ്യാപകൻ |
| 2 | ഗണിത ക്ലബ്ബ് : ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിതത്തിൽ താല്പര്യമുള്ള കുട്ടികളെ ചേർത്ത് ഗണിത ക്ലബ്ബ് രൂപീകരിക്കുക. അവയിലൂടെ ഗണിത ക്വിസ്, ഗണിത എക്സിബിഷൻ, ഗണിതമാഗസിൻ തുടങ്ങിയവ നിർമ്മിക്കുക . | 1 വർഷം | ഗണിത അധ്യാപകൻ സമ്മർദ്ധരായ കുട്ടികൾ |
| 3 | ഗണിത മൂല ,ഗണിതം മധുരം ആക്കൽ | എല്ലാ ക്ലാസുകളിലും ഗണിത ചാർട്ട്, പാഠഭാഗവുമായി ബന്ധപ്പെട്ട പഠിതാക്കളുടെ നിർമ്മിതികൾ പ്രദർശിപ്പിക്കുക | ആവശ്യാനുസരണം | കുട്ടികൾ |
| 4 | ഗണിതമാഗസിൻ ,ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ.. | ഗണിതാശയവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഗണിതമാഗസിൻ നിർമ്മിക്കുക | 1 വർഷം | ഗണിത അധ്യാപകൻ കുട്ടികൾ |

| | | | | |
|---|---|---|---|---|
| 5 | അത്യാധുനിക സാങ്കേതികവിദ്യയിലൂടെ ഗണിതം മധുരം ആക്കൽ | ഐസിടി ഉപയോഗിച്ച് | ആവശ്യാനുസരണം | ഗണിത അധ്യാപകൻ കുട്ടികൾ |
| 6 | ക്വിസ് ,പസ്സിൽ ഗണിതാശയങ്ങൾ കുട്ടികളിൽ എത്തിക്കുക | എല്ലാ പഠിതാക്കളെയും ഉൾപ്പെടുത്തി ക്വിസ്, പസ്സിൽ എന്നിവ നടത്തുക | ആവശ്യാനുസരണം | ഗണിത അധ്യാപകൻ |
| 7 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുൻനിരയിൽ എത്തിക്കുക | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകൻ സമ്മർദ്ധരായ കുട്ടികൾ |
| 8 | ദിനാചരണം വിവിധ ശേഷികളുടെ വികസനം | ദിനാചരണങ്ങളുമായ ി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ രൂപപ്പെടുത്തി നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | എസ് ആർ ജി |

# അക്കാദമിക് മാസ്റ്റർപ്ലാൻ - UP

## സംസ്കൃതം

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|---|
| 1 | യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | അക്ഷരം എഴുത്ത്<br>ചിഹ്നമുറപ്പിക്കൽ<br>അക്ഷരക്കാർഡ്<br>ക്ലാസ്സിൽ അക്ഷരമാല പ്രദർശനം.<br>അക്ഷരമരം നിർമ്മിക്കൽ<br>പാട്ടുകളും കഥകളുംകേൾപ്പിക്കുക.<br>കാർട്ടൂൺ പ്രദർശനം<br>നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതം പദങ്ങൾ | ജൂൺ -ഓഗസ്റ്റ് | സംസ്കൃതം അധ്യാപിക |
| 2 | 2. എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | ജൂൺ - ജൂലൈ | സംസ്കൃതം അധ്യാപിക |
| 3 | സംസ്കൃതഭാഷാ മഹത്വം പരിചയപ്പെടുത്തുന്നു | സംസ്കൃത ദിനാചരണം അസംബ്ലി. | ഓഗസ്റ്റ് | സംസ്കൃതം അധ്യാപിക |
| 4 | കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക | സെപ്റ്റംബർ- ഒക്ടോബർ | സംസ്കൃതം അധ്യാപിക |
| 5 | ഭാഷാ പഠനത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ | സംസ്കൃത ക്ലബ്ബ്<br>പാട്ടുകൾ<br>സുഭാഷിതങ്ങൾ പഠിപ്പിക്കുക<br>സംസ്കൃതം പീരിയഡിൽ ആഴ്ചയിലൊരിക്കൽ പുസ്തകം വായിപ്പിക്കുക | ജൂൺ- മാർച്ച് | അധ്യാപികസംസ്കൃതം |
| 6 | മത്സര പരീക്ഷകൾക്ക് | സംസ്കൃത സാഹിത്യ ചോദ്യങ്ങളും ജികെ | ജൂൺ- മാർച്ച് | സംസ്കൃതം അധ്യാപിക |

| | | | | |
|---|---|---|---|---|
| | തയ്യാറാക്കൽ. | ചോദ്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് പ്രശ്നോത്തരി സംഘടിപ്പിക്കുന്നു | | |
| 7 | പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | പ്രത്യേക ക്ലാസ്സുകൾ നൽകുന്നു | ജൂൺ - മാർച്ച് | സംസ്കൃതം അധ്യാപിക |
| 8 | സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം നൽകുക സ്കൂളിലെ വിവിധ ദിനാചരണങ്ങളിൽ സംസ്കൃത പ്ലക്കാർഡുകൾ പിടിച്ചുകൊണ്ട് കുട്ടികളെ റാലികളിൽ പങ്കെടുപ്പിക്കുക . | ദിനാചരണങ്ങൾ പോസ്റ്റർ നിർമ്മാണം ഭാഷാ ലാബ് പ്രദർശന ബോർഡ് | ജൂൺ -മാർച്ച് | സംസ്കൃതം അധ്യാപിക |

# അക്കാദമിക് മാസ്റ്റർപ്ലാൻ - UP

# മലയാളം

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | പ്രീ ടെസ്റ്റ് ചിഹ്നങ്ങൾ ഉറപ്പിക്കൽ അക്ഷരം ഉറപ്പിക്കൽ വാക്കുകൾ നിർമിക്കുക ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | രണ്ടുമാസം | ഭാഷാധ്യാപിക |
| 2 | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുന്നു | അക്ഷരങ്ങളും അവയുടെ ചിഹ്നങ്ങളും മനസ്സിൽ ഉറപ്പിക്കുന്നു | ജൂൺ -മാർച്ച് | ഭാഷാധ്യാപിക |
| 3 | പഠിതാക്കളിൽ സർഗ്ഗശേഷി വളർത്തൽ | അക്ഷരശുദ്ധിയിലൂടെ പദങ്ങൾ നിർമ്മിക്കുന്നു ദിനാചരണ പോസ്റ്റർ | ജൂൺ -മാർച്ച് | ഭാഷാധ്യാപിക |
| 4 | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | അക്ഷരങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ച് ചെറുവാക്യങ്ങൾ നിർമ്മിക്കുക ചുമർപത്രിക പതിപ്പ് തയ്യാറാക്കൽ | ജൂൺ -മാർച്ച് | ഭാഷാധ്യാപിക |
| 5 | പാഠഭാഗവുമായി ബന്ധപ്പെട്ട് കൂടുതൽ വസ്തുതകൾ നേടുന്നു | പത്രവാർത്ത വായനാശീലം കുട്ടികളിൽ വളർത്തുക അതുമായി ബന്ധപ്പെട്ട ക്വിസ് മത്സരം നടത്തുക | ജൂൺ -മാർച്ച് | ഭാഷാധ്യാപിക |

# അക്കാദമിക് മാസ്റ്റർപ്ലാൻ - UP HINDI

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | അക്ഷരബോധം ഉറപ്പിക്കാൻ അക്ഷരങ്ങൾ പരിചയപ്പെടുത്തുക അക്ഷരങ്ങൾ പഠിപ്പിച്ചു എടുക്കുക | പുതിയ പദങ്ങൾ നൽകി അതിൽ വരുന്ന അക്ഷരങ്ങളെ കണ്ടുപിടിച്ച മനസ്സിലാക്കി കൊടുക്കുക | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപിക |
| 2 | ഹിന്ദി തെറ്റുകൂടാതെ വായിക്കുവാനുള്ള പരിശീലനം | നിരന്തരമായ പുസ്തക വായന വായന കാർഡ് നൽകുക | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപിക |
| 3 | നിത്യജീവിതത്തിൽ ആവശ്യം വരുന്ന ഹിന്ദിയിൽ സംസാരിക്കുവാനുള്ള കഴിവ് വളർത്തുക | കുട്ടികളെ ക്ലാസ്സിൽ ഹിന്ദിയിൽ മാത്രം സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു പരസ്പര സംഭാഷണങ്ങൾ ഹിന്ദിയിൽ മാത്രം പറയിപ്പിക്കുന്നു | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപിക |

# ACADEMIC MASTER PLAN - UP ENGLISH

| Serial number | Objectives | Activities | Duration | Duties |
|---|---|---|---|---|
| 1 | to enable the student to read English fluently | Gives simple stories to read .<br>prepare reading cards news reading in classroom | June to march | English teacher |
| 2 | to enable the students to speak English fluently. | Spoken English classes<br>Asking questions to teachers and friends<br>Language games<br>Role play and skit | 9 months | English teacher |
| 3 | to write English without errors | pronunciation practices<br>Story completions<br>Making reading cards<br><br>Diary writing<br>learning new words pronunciation and creating sentences using the words | June to March | English subject Council<br>English club |
| 4 | to enable the students confident in English | English assembly story telling recitations preparing travelogues role plays speeches | 6 months | English subject Council,English club |
| 5 | to create interest in English literature | Introduces English writers<br>Pairing profiles or bio-sketches of famous writers<br>Prepare book review | June to March | English subject Council,<br>English club |

# അക്കാദമിക് മാസ്റ്റർപ്ലാൻ - H S

## ഗണിതം

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|---|
| 1. | ആശയധാരണ കൈവരിക്കൽ. | **ഒപ്പത്തിനൊപ്പം** pretest നടത്തി ലിസ്റ്റ് തയ്യാറാക്കൽ maths ക്ലിനിക് | ജൂൺ ആദ്യവാരം | ഗണിതഅധ്യാപകർ .മുന്നോട്ടു നിൽക്കുന്ന കുട്ടികൾ . |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ |
| 3 | ഗണിതത്തെ നിത്യജീവമായി ബന്ധിപ്പിച്ച ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ. | Field trip | ഒരു term ൽ ഒന്ന് | പിടിഎ |
| 4 | ഗണിത ആശയങ്ങളിൽ നിന്നും മുതലെടുക്കുന്ന ഗണിതരൂപങ്ങൾ ,അളവുകൾ ഇവ പരിചയപ്പെടുത്തൽ | ശില്പശാല നടത്തിപ്പ് club പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ ഗണിത ക്ലബ് |
| 5 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ |

| | | | | |
|---|---|---|---|---|
| 6 | അധ്യാപകർ കാലാനുസൃതമായി ചെയ്യു ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാന. ഉറപ്പിക്കുന്നു . | വിഷയസമിതികളുടെ മികച്ച പ്രവർത്തനം ഇടപെടൽ ചർച്ചകൾ പാഠസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | തുടർ പ്രവർത്തന ം | അധ്യാപകർ |
| 7 | ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം കുട്ടികൾ കൂടാതെ സമീപപ്രദേശങ്ങളിൽ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചക ളിലും മറ്റ് അവധി ദിവസങ്ങളി ലും | ഗണിത ക്ലബ്ബ് അധ്യാപകർ |
| 8 | ഗണിതമത്സര വേദികളിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൾ | മാസത്തി ൽ 1 | അധ്യാപകർ |
| 9 | ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യപ്പെടുന്ന ഉപകരണങ്ങൾ ശേഖരിക്കൽ | may/june | അധ്യാപകർ |
| 10 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ നടത്തുന്ന ചുമതല നൽകുന്നു | Every month | അധ്യാപകർ |

# അക്കാദമിക് മാസ്റ്റർപ്ലാൻ - H S

# സോഷ്യൽ സയൻസ്

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രബോധം ഉള്ളവർ ആക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് FIELD TRIP സംഘടിപ്പിക്കുന്നു . **വയൽക്കിളികൾ** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കുക | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 2 | ജനാധിപത്യം ഒരു ജീവിതശൈലിയിലേക്ക് മാറ്റിയെടുക്കുക പൗരബോധം മൂല്യബോധം ഇവ വളർത്തുക | **ഒന്നായി നമ്മൾ** :സ്കൂൾ പാർലമെന്റ് മൂക്കപാർലമെന്റ് പൗരബോധം സാമൂഹ്യ സേവനയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമി വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 3 | സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | **സ്റ്റാർട്ടപ്പ്** :സാമൂഹ്യശാസ്ത്ര ലാഭകള് ക്രമീകരിക്കുന്നു ആകാശ കാഴ്ചകൾ കൗതുകം എന്ന് ഉണർത്തുന്നു പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 4 | മതേതരത്വം ,സഹിഷ്ണത എന്ന വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ** :സർവ്വേ പ്രൊജക്റ്റ് ചർച്ചകൾ സംവാദം ക്ലാസ്സുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്നു പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 5 | ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥലം നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | **പട്ടുപാതയിലൂടെ** :ശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്ന ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 6 | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | **മൈ സിനിമ റൂം** :സാമൂഹ്യ ശാസ്ത്രവുമായിബന്ധപെട്ട ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | | |
|---|---|---|---|---|
| | | പരിപോഷിപ്പിക്കുന്ന quiz കൾ ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക വീഡിയോ പ്രദർശനം സിനിമ ചരിത്ര സിനിമ പ്രദർശനം | | |
| 7 | വ്യത്യസ്തയിനം മണ്ണിലാശയങ്ങളെ കുറിച്ചും കാറ്റഗരങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക എന്ന ലക്ഷ്യം | **ചരിത്ര കൊട്ടാരം** :വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും തൊട്ടറിഞ്ഞ പഠനം ഹരമാക്കിമാറ്റുന്നു മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ |

# അക്കാദമിക് മാസ്റ്റർപ്ലാൻ - H S

# സയൻസ്

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | **അത്ഭുത കണ്ണിലൂടെ**<br>കൗതുകം,<br>ജിജ്ഞാസ,നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കാണിച്ചുകൊടുക്കുവാൻ കുട്ടികൾക്ക് തന്നെ . അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്തുകൊണ്ട് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു .<br><br>പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം<br>ക്ലാസുകളിൽ ലഘു പ്രൊജക്റ്റ് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപിക |
| 2 | **ശാസ്ത്രലോകത്തേക്ക്**<br><br>നിരന്തരമായി അന്വേഷണം നടത്തുകയും വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു<br><br>വർഷത്തിലൊരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | സയൻസ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു | ഒരുതവണ<br><br>അക്കാദമിക വർഷം ഒരുതവണ | |
| 3 | **ഹൈടെക് വേൾഡ്**<br>മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി<br>ശാസ്ത്ര മാസിക പ്രസിദ്ധീകരണം<br><br>സയൻസ് ലാബ് ഐടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപിക |
| 4 | **ആയുർ രേഖ**<br><br>പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപിക |
| 5 | **വൈജ്ഞാനിക ബഹിർ സ്ഫുരണം**<br><br>അന്വേഷണ പ്രശ്ന വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ<br>ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു<br>സംസ്ഥാന ദേശീയതലത്തിലുള്ള ക്വിസ് സെമിനാർ പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപിക<br>science club |

# അക്കാദമിക് മാസ്റ്റർപ്ലാൻ - H S

# HINDI

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | അക്ഷരം ചിഹ്നം തിരിച്ചറിയുന്നതിന് പരിശീലിപ്പിക്കുന്നു ഉച്ചാരണം പരിചയപ്പെടുത്തുന്നു. | അക്ഷരമാല കാർഡ് നൽകുന്നു . അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. | ജൂൺ -ഓഗസ്റ്റ് | ഹിന്ദി അധ്യാപിക |
| 2 | ഹിന്ദി അനായാസം എഴുതുന്നതിനും വായിക്കുന്നതിനും പരിശീലിപ്പിക്കുന്നു. | കേട്ടെഴുത്ത് പദസൂര്യൻ പ്രശ്നോത്തരി ഇവ നൽകുന്നു. | സെപ്റ്റംബർ - നവംബർ | ഹിന്ദി അധ്യാപിക |
| 3 | നാമം സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കുന്നു വാക്യഘടന പരിചയപ്പെടുത്തുന്നു | നാമം സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്തുന്നതിന് ആവശ്യമായ ചാർട്ടുകൾ നൽകുന്നു | ഡിസംബർ ,ജനുവരി | ഹിന്ദി അധ്യാപിക |
| 4 | കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു | ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് അവതരിപ്പിക്കാൻ പറയുന്നു | ജനുവരി ഫെബ്രുവരി | ഹിന്ദി അധ്യാപിക |

# ACADEMIC MASTER PLAN - H S ENGLISH

| Serial number | Objectives | Activities | Duration | Duties |
|---|---|---|---|---|
| 1 | To enable the students to read and write English accurately | Watching films and preparing reviews.<br>News reading in classrooms.<br>Preparing appreciations.<br>Reading competitions. | June to March | English teacher |
| 2 | To increase interest in English language | Road plays and skit<br>Theatre camps<br>Choreography<br>Preparing scripts<br>Film fest | June to March | English subject Council and English club |
| 3 | To enable the students to use English without any hesitation. | English assembly radio English preparing script screen plays and acting.<br>Preparing short films | June to March | English subject Council and English club |
| 4 | To enable the students to speak English confidently | Spoken English classes speeches in classrooms and in assembly<br>Story telling<br>Asking questions to teachers and friends<br>English day | June to March | English subject Council and English club |

| | | | | |
|---|---|---|---|---|
| | | Role play and skits<br>Seminars, debates | | |
| 5 | To create interest in English literature | Introduces English writers<br>Preparing bio-sketches of famous writers<br>Preparing reviews of English novels stories etc. .<br>Wall magazines of famous writers, There works, photographs, profile etc.. | June to March | English subject Council and English club |

# അക്കാദമിക് മാസ്റ്റർപ്ലാൻ - HS

# മലയാളം

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ. | • പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>• അക്ഷരക്കാർഡ് നൽകൽ വാക്കുകളെഴുതിയ കാർഡ്<br>• വാക്കുകൾ നിർമ്മിക്കുക<br>• വാക്യങ്ങൾ നിർമ്മിക്കുക<br>• ചിത്രം കഥയെഴുതൽ<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 2 മാസം | ഭാഷാധ്യാപകർ |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക. | • ക്ലാസ്സ് വായന രൂപീകരിക്കൽ സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• സമീപ ഗ്രന്ഥശാലയിൽ അംഗത്വം<br>• പത്രവായന<br>• പുസ്തക ചർച്ച<br>• വായന അനുഭവം വായനക്കുറിപ്പ്<br>• വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>• ദിനാചരണം<br>• ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | ആറുമാസം | ഭാഷാഅധ്യാപകർ |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | • എഴുത്തുകൂട്ടം രൂപീകരണം<br>• പുസ്തക ചർച്ച<br>• വായനക്കുറിപ്പ്<br>• വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>• ചുമർപത്രിക<br>• പതിപ്പ് തയ്യാറാക്കൽ<br>• വ്യക്തിഗത രചന<br>• സംഘ രചന<br>• സാഹിത്യ സാംസ്കാരിക ഗ്യാലറി | ആറുമാസം | ഭാഷാഅധ്യാപകർ |

| | | | | |
|---|---|---|---|---|
| 4 | കുട്ടിയെ സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക | ● പ്രസംഗ പരിശീലന കളരി<br>● വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>● മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു പ്രസംഗം അവതരിപ്പിക്കാനുള്ള വേദി സജ്ജമാക്കുക | **ആറുമാസം** | **ഭാഷാ അധ്യാപകർ** |

# ഉപസംഹാരം

ഒരു വ്യക്തിയുടെ ജീവിതത്തിലും സമൂഹത്തിലും പുരോഗതി കൈവരുത്തുന്നതിൽ വിദ്യാഭ്യാസം നിർണായക പങ്ക് വഹിക്കുന്നു.സമൂഹത്തിൽ ഉത്തരവാദിത്വത്തോടെയും ധാർമികമായും പ്രവർത്തിക്കാൻ പഠിപ്പിക്കുക,ജനാധിപത്യ മൂല്യങ്ങളെയും പൗരാവകാശങ്ങളെയും മാനിക്കാൻ പഠിപ്പിക്കുക,സമൂഹത്തിൽ മാറ്റം വരുത്തുന്നതിൽ പങ്കുചേരാൻ പ്രേരിപ്പിക്കുക എന്നിവ വിദ്യാഭ്യാസത്തിന്റെലക്ഷ്യങ്ങളിൽപ്രാധാന്യമർഹിക്കുന്നവയാണല്ലോ.അതിനാൽഎല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നത് പരമപ്രധാനം തന്നെയാണ് ഇതിലൂടെ ഓരോ വ്യക്തിക്കും അവരവരുടെ കഴിവുകൾ തിരിച്ചറിയാനും സമൂഹത്തിൽ തന്റേതായ സംഭാവനകൾ നൽകുവാനും സാധിക്കും. എല്ലാ വിഭാഗം വിദ്യാർത്ഥികളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തന പദ്ധതികളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ മുന്നോട്ട് വയ്ക്കുന്നത്. കേവലം അറിവ് നേടുക എന്നതിൽ ഉപരി സാമൂഹ്യപ്രതിബദ്ധതയുള്ള പൗരന്മാരായ വളരാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നതാണ് നമ്മൾ ലക്ഷ്യമിടുന്നത്. ആ ലക്ഷ്യം കൈവരിക്കാൻ നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം.





**Education for Enlightenment...**







*Our mission is to mould responsible citizens by imparting quality education based on social, religious, cultural and moral values.*






# Thank You...